**മഹാതമാഗാന്ധി ദശേീയ**

**ഗ്രാമീണതൊഴിലുറപ്പ് പദ്ധതി**

# സോഷ്യൽ ഓഡിറ്റ്

# റിപ്പോർട്ട്

## അണ്ടൂർകോണം

## ഗ്രാമപഞ്ചായത്ത്

**വാർഡ് നമ്പർ - 03 കൊയ്ത്തൂർകോണം**

**തിരുവനന്തപുരം**

**സോഷ്യൽ ഓഡിറ്റ് കരട് റിപ്പോർട്ട് 23/11/2019**


മഹാത്മാഗാന്ധി ദശേീയ ഗ്രാമീണതൊഴിലുറപ്പ് നിയമം

സോഷ്യല് ഓഡിറ്റ് സൊസൈറ്റി കരേള (MGNSASK)

LMS കോമ്പൗണ്ട് ,പാളയം,തിരുവനന്തപുരം . 03

ഫോണ് നമ്പര് 0471-2724696.Email.keralasocialaudit@gmail.com

**റിപ്പോർട്ട്:-** മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ

തൊഴിലുറപ്പ് നിയമം ദാരിദ്ര്യ ലഘൂകരണ ത്തിനുവേണ്ടി കേന്ദ്ര സർക്കാർ ആവിഷ്കരിച്ച പദ്ധതിയാണ്.2005സെപ്റ്റംബർ 5ന് തൊഴിലുറപ്പ് നിയമം പാസ്സാക്കി. 2006സെപ്റ്റംബർ 2നു പദ്ധതി നിലവിൽ വന്നു. ഇന്ത്യയിലെ 200 ജില്ലകളിലാണ് പദ്ധതി ആരംഭത്തിൽ നടപ്പിലാക്കിയത്. 2006ൽ കേരളത്തിൽ വയനാട്, പാലക്കാട് ജില്ലകളിൽ തൊഴിലുറപ്പ് പദ്ധതി ആരംഭിച്ചു. 2008 iകേരളത്തിലെ എല്ലാ ജില്ലകളിലും തൊഴിലുറപ്പ് പദ്ധതി ആരംഭിച്ചു. ഗ്രാമ പ്രദേശങ്ങളിൽ താമസിക്കുന്ന ഏതൊരു കുടുംബത്തിന് ഒരു സാമ്പത്തിക വർഷത്തിൽ 100 ദിവസത്തിൽ കുറയാതെ പണി ലഭിക്കുക എന്നതായിരുന്നു ഈ പദ്ധതിയുടെ പ്രധാന ലക്ഷ്യം. ഗ്രാമ പ്രദേശങ്ങളിൽ താമസിക്കുന്ന 18 വയസ്സ് പൂർത്തിയായ ഏതൊരു വ്യക്തിക്കും തൊഴിലായി അപേക്ഷിക്കാൻ സ്ത്രീപുരുഷഭേദമില്ലാതെ അപേക്ഷിക്കാം. എല്ലാവർക്കും തുല്യ വേതനം നൽകുന്നതും തൊഴിലുറപ്പ് പദ്ധതിയുടെ പ്രത്യേകതയാണ്. പരിസ്ഥിതി സംരക്ഷണം, കാർഷിക മേഖല, ഗ്രാമീണ അടിസ്ഥാന സൗകര്യ വികസനം എന്നിവയ്ക്ക് കൂടുതൽ പ്രാധാന്യം നൽകുന്നു. തൊഴിലുറപ്പ് പദ്ധതി ഇടനിലക്കാരെ ഇല്ല സെക്ഷൻ17(A) പ്രകാരമാണ് സോഷ്യൽ ഓഡിറ്റ് **കരട്** . ഫയൽ പരിശോധന,

# <u>ഫയൽ പരിശോധന റിപ്പോർട്ട്</u>

പ്രവർത്തിയുടെ പേര്:- സൂനം പാട്ടകൃഷി, സൂര്യ പാട്ടകൃഷി, പാട്ടകൃഷി

തിരുവനന്തപുരം ജില്ലയിലെ **അണ്ടൂർകോണം ഗ്രാമ** പഞ്ചായത്തിലെ 3-ആം വാർഡിലെ (**കൊയ്ത്തൂർ**കോണം) 2018-19 സാമ്പത്തിക വർഷം ഒക്ടോബർ 1മുതൽ മാർച്ച് 31 വരെയുള്ള ഉള്ള കാലയളവിലെ സോഷ്യൽ ഓഡിറ്റ് റിപ്പോർട്ട്,

**അണ്ടൂർകോണം** പഞ്ചായത്തിലെ 6349 തൊഴിൽ കാർഡ് കുടുംബങ്ങൾ ഉള്ളതിൽ 2321 ആക്ടീവ കുടുംബങ്ങൾ ഉണ്ട്. DP/270461 DP/270462, DP/270463എന്നീ ഫയലുകൾ പരിശോധിച്ചതിൽ നിന്ന്

1. കവർപേജ് :

AMC പ്രാകരം കവർ പേജ് ഉണ്ടായിരുന്നില്ല

2. ചെക്ക് ലിസ്റ്റ് ലിസ്റ്റ്:-

✓ ചെക്ക് ലിസ്റ്റ് ഉണ്ടായിരുന്നില്ല

3. ആക്ഷൻ പ്ലാൻ കോപ്പി:-

✔ ആക്ഷൻ പ്ലാൻ കോപ്പി ഉണ്ടായിരുന്നില്ല

4. എസ്റ്റിമേറ്റ്:-

✔ എസ്റ്റിമേറ്റ് ഉണ്ടായിരുന്നു.

✘ ജനകീയ ഭാഷയിൽ അല്ലായിരുന്നു.

✘ അധികാരികളുടെ സീൽ, തീയതി എന്നിവ ഇല്ലായിരുന്നു.

✘ കവർപേജ് എസ്റ്റിമേറ്റ് ഇല്ലായിരുന്നു.

✘ CIB location രേഖപ്പെടുത്തിയിട്ടില്ല.

5. ഡ്രോയിങ് ആൻഡ് ഡിസൈൻ

✔ ഡ്രോയിങ് ഡിസൈൻ ഇല്ല

6. ഭരണാനുമതി.

✔ ഭരണാനുമതി ഉണ്ട്

✔ പഞ്ചായത്ത് സെക്രട്ടറിയുടെ ഒപ്പ്, സീൽ, തീയതി എന്നിവ ഉണ്ടായിരുന്നു

7. സാങ്കേതിക അനുമതി

✔ സാങ്കേതിക അനുമതി ഉണ്ട്.

8. ഡിമാൻഡ് ഫോം.

✔ ഡിമാൻഡ് ഫോം ഉണ്ട്, 3 ബി പ്രകാരമുള്ള ഡിമാൻഡ് ഫോം ആയിരുന്നു.

✔ വിവരങ്ങൾ പൂർണമായിരുന്നു.

9. വർക്ക് അലോട്ട്മെൻറ് ഫോം.

✔ വർക്ക് അലോട്ട്മെൻറ് ഫോം ഉണ്ടായിരുന്നു.

10. മസ്റ്റർ റോൾ

✔ 3 ഫയലുകളിൽ ആയി 87 മസ്റ്റർ റോൾ ഉണ്ട്.

✘ മസ്റ്റർ റോൾ നമ്പർ 7118, 8813, 12559) തുടങ്ങിയ ഭൂരിഭാഗം മസ്റ്റർ റോൾസ്റ്ററോറുകളിലും തിരുത്തിരുന്നു

11. മഷെർമെൻറ് ബുക്ക്.

✘ എം ബുക്കിലെ വിവരങ്ങൾ പൂർണ്ണമല്ല

12. വജേലിസ്റ്റ്

✔ വജേലിസ്റ്റ് ഉണ്ട്.

13. FTO

✔ FTO ഉണ്ട്.

14. 3 സ്റ്റജ് ഫോട്ടോഗ്രാഫി

✕ 3 സ്റ്റജ് ഫോട്ടോഗ്രാഫി.ഇല്ല

15. വർക്ക് കംപ്ലീഷൻ സർട്ടിഫിക്കറ്റ്.

✕ വർക്ക് കംപ്ലീഷൻ സർട്ടിഫിക്കറ്റ് ഇല്ല

16. മസ്റ്റർ റോൾ മൂവ്മെൻറ് സ്ലിപ്പ്

✕ മസ്റ്റർ റോൾ മൂവ്മെൻറ് സ്ലിപ്പ് ഇല്ല

17. ഫയൽ ട്രാക്കിംഗ് ഫോം

✕ ഫയൽ ട്രാക്കിംഗ് ഫോം ഇല്ല

18. ജിയോ റ്റാഗ്ഗ്ഡ് ഫോട്ടോഗ്രാഫി

✕ ജിയോ റ്റാഗ്ഗ്ഡ് ഫോട്ടോഗ്രാഫി ഇല്ലായിരുന്നു.

19. സൈറ്റ് ഡയറി

✓ സൈറ്റ്ഡയറി ഉണ്ടായിരുന്നു, സന്ദർശന കുറിപ്പ് രേഖപ്പെടുത്തിയിരുന്നു.

✓ എന്നാൽ കൺവീനറുടെ വിലാസം ഒപ്പ് നമ്പർ എന്നിവ ഉണ്ടായിരുന്നു

# ഫീൽഡ് പരിശോധന

# റിപ്പോർട്ട്

## പാട്ടകൃഷി ഗ്രൂപ്പ്-1

വർക്ക് കോഡ് -DP/270461

പാട്ടക്കൃഷി (സൂര്യ )

എസ്റ്റിമേറ്റ് കോസ്റ്റ് -300000/-

Actual കോസ്റ്റ് -275918

Mandays -1012ദിവസം

രാവിലെ 10മണിക്ക് എല്ലാ തൊഴിലാളി കളും കിളിത്തട്ട് അമ്പലത്തിനു സമീപം എത്തിച്ചേർന്നു. തൊഴിലാളി കൾക്ക് 10അവകാശങ്ങൾ വിശദീകരിച്ചു കൊടുത്തു. ശേഷം തൊഴിൽ കാർഡ് വെരിഫിക്കേഷൻ ചെയ്തു. 20 തൊഴിലാളി കൾ ഉള്ളതിൽ ഇന്ന് ഹാജരായവർ 15.

7കരം തീരുവയലൊയീ ആണ് തൊഴിൽ ചെയ്തിരികുനത്.

ഫമീന ബീവി.-കരം തീരുവയിൽ   വാഴ, മരിച്ചീനി എന്നിവ കാണാൻ കഴിഞ്ഞു ഇപ്പോഴും നില നില്കുന്നു.

2.സുഹറ ബീവി, കരം തീരുവയലെ് ചയെ്ത കൃഷി കാണാൻ സാധിച്ചില്ല , കാരണം അവിടെ വീട് വയ്ക്കാൻ ജസെിബി മണ്ണ് ഇളകി ഇട്ടിരിക്കുന്നു.

3.കൃഷ്ണൻ കുട്ടി, രമണി, ലളിത കരം തീരുവയലെ് വാഴ, മരിച്ചീനി, മഞ്ഞൾ., കാച്ചിൽ, ചനേ, ചമേ്പ് എന്നിവ കാണാൻ കഴിഞ്ഞു,

തൊഴിലാളി കൾ കൃഷി ചയെ്യുന്നതിന് ആവശ്യ മായ സാധനങ്ങൾ പുറത്തു പോയി വാങ്ങിക്കുന്നതിന്, അതിന്റെ ചിലവുകൾ എഴുതാൻ രജിസ്റ്റർ സൂഷിക്കുന്നത് കണ്ടു. വാഴ തൈ മറ്റ് വിത്തുകൾ എന്നിവയ്ക്ക് ചിലവായ പണ്ൈ അതിൽ എഴുതി വച്ചിരിക്കുന്നു ഒപ്പം gst ബില്ല് ഉൾപ്പടെ സൂക്ഷിച്ചു വച്ചിരിക്കുന്നു.

Cib ബോർഡ് പറ്റി യാതൊരു അറിവും ഇല്ല, പകരം ബാനർ എഴുതി വായ്ക്കുന്നു

പരാതികൾ

1, സാലറി കൂട്ടി നൽകുക

2.സമയം കുറയ്ക്കുക

3.മികച്ച രീതിയിൽ കൃഷി ചയെുന്ന വർക് കൂടുതൽ

ആനുകൂല്യങ്ങൾ നൽകുക

# Dp/270463(സൂനം പാട്ടക്കൃഷി )

Est amount- 350000

23/10/2018--28/3/2019

കൺവിനർ -സുബൈദബീവി

------------------------------------------

ഇന്ന് കൃത്യം പത്തുമണിക്ക് വള്ളൂർ പള്ളിക്ക് സമീപം എത്തുകയും അവിടെ കൊയ്ത്തൂർക്കോണം വാർഡിലെ ഓൺഗോയിങ് സൈറ്റ് ഉണ്ടെന്ന് അറിയുകയും അവിടം സന്ദർശിക്കുകയും ചെയ്തു. അവിടെ തൊഴിലാളികൾ ചെയ്തുകൊണ്ടിരുന്നത് ഭൂവികസനം ആയിരുന്നു ഭൂ വികസനത്തിൽ പ്രധാനമായും കാടു വെട്ടി മാറ്റി, മരിച്ചീനി കൂനകൾ നിർമ്മിക്കുകയും മരിച്ചീനി കൾ നടുകയും ചെയ്തിരുന്നു തൊഴിലാളികളുമായി സംസാരിക്കുകയും ആരുടെ തൊഴിൽ കാർഡ് വെരിഫിക്കേഷൻ ചെയ്യുകയും തൊഴിലാളികൾക്ക് പത്ത് അവകാശങ്ങൾ പറഞ്ഞുകൊടുക്കുകയും ചെയ്തു സൈറ്റിൽ കുടിവെള്ളം ടാർപോളിൻ കൂടാതെ ഫസ്റ്റ് എയ്ഡ് ബോക്സ് എന്നിവയുടെ അഭാവം ഉണ്ടായിരുന്നു.

തൊഴിലാളികൾ സൈറ്റിൽ എത്തിയപ്പോൾ തന്നെ പ്രധാനമായും പറഞ്ഞത് അവരുടെ ശമ്പളം കൂട്ടണം, സമയം ക്രമീകരണം ചെയ്യണം, ജോലി ചെയ്തു എത്രയും പെട്ടെന്ന് തന്നെ ശമ്പളം കിട്ടണം എന്നിവയായിരുന്നു

വാർഡിലെ മെമ്പറും ഈ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുന്നുണ്ടായിരുന്നു തൊഴിലാളികളെല്ലാം തന്നെ തൊഴിൽ കാർഡിൽ ഒപ്പ് രേഖപ്പെടുത്തി ഇല്ലായിരുന്നു അതുകൊണ്ട് തൊഴിലാളികളെക്കൊണ്ട് തൊഴിൽ ബുക്കിൽ ഒപ്പി ടിപ്പിക്കുകയും ചെയ്തു.മസ്ട്രോള്, സൈറ്റ് ഡയറി എന്നിവ ചെക്ക് ചെയ്തു, അതിനുശേഷം കഴിഞ്ഞ പ്രാവശ്യം അവർ ചെയ്ത പാട്ടകൃഷി സന്ദർശിക്കുന്നതിനായി സുബൈദ എന്ന തൊഴിലാളിയോടൊപ്പം ഫീൽഡ് സന്ദർശിക്കുകയും അബ്ദുൽ ബഷീർ, സുമയ്യ ബീവി, ഷഫീഖ്, ഹമീദബീവി അബ്ദുൽ ബഷീർ എന്നിവരുടെ കരം തീരുവയിൽ ആയിരുന്നു പാട്ടകൃഷി ചെയ്തിരുന്നത് ചേന, ചേമ്പ്, മഞ്ഞൾ, മരിച്ചീനി, കുരുമുളക്, വെണ്ട ചീര, എന്നിവ ഇവർ കൃഷി ചെയ്തിരുന്നു എന്ന് അറിയാൻ സാധിച്ചു എന്നാൽ ഫീൽഡിൽ കാണാൻ കഴിഞ്ഞത് മരിച്ചീനി, വാഴ, കുരുമുളക് എന്നിവയായിരുന്നു പുരയിടത്തിന് നല്ലൊരുഭാഗവും കാടുകയറിയ അവസ്ഥയിലായിരുന്നു. സി ഐ ബോർഡ് ഒരു സ്ഥലത്തും സ്ഥാപിച്ചിരുന്നില്ല . വാഴക്കന്ന്, വിത്ത് എന്നിവ തൊഴിലാളികൾക്ക് പഞ്ചായത്തിൽ നിന്നാണ് ലഭിച്ചത് എന്ന് അറിയാൻ സാധിച്ചു. വളം തൊഴിലാളികളിൽ നിന്ന്

പിരിച്ചുവാങ്ങി.  ആദായത്തിന്റെ മൂന്നിലൊരുഭാഗം ഉടമകൾക്ക് നൽകും.ബാക്കി തൊഴിലാളികൾ പങ്കിട്ട് എടുക്കുമെന്നും അറിഞ്ഞു.  സിഐ ബോർഡിനെ പറ്റിയുള്ള ഒരു വിവരവും പഞ്ചായത്തിൽനിന്ന് തൊഴിലാളികൾക്ക് ലഭിച്ചിട്ടില്ല. തുടർന്ന്  ഗ്രാമസഭ യുടെ ഡേറ്റ് അറിയിക്കാമെന്നും അതിൽ പങ്കെടുക്കണമെന്നും പറഞ്ഞശേഷം മടങ്ങി.

# DP/27462 പാട്ടകൃഷി

രാവിലെ 10മണിക്ക് എല്ലാ തൊഴിലാളി കളും കിളിത്തട്ട് അമ്പലത്തിനു സമീപം എത്തിച്ചേർന്നു. തൊഴിലാളി കൾക്ക് 10അവകാശങ്ങൾ വിശദീകരിച്ചു കൊടുത്തു. ശേഷം തൊഴിൽ കാർഡ് വെരിഫിക്കഷേൻ ചെയ്തു. 20 തൊഴിലാളി കൾ ഉള്ളതിൽ ഇന്ന് ഹാജരായവർ 20

പ്രധാനമായും കാടു വെട്ടി മാറ്റി, മരിച്ചീനി,

അണ്ടൂർക്കോണം  ഗ്രാമപഞ്ചായത്ത് സോഷ്യൽ ഓഡിറ്റ് ഗ്രാമസഭ റിപ്പോർട്ട്.

വാർഡ് :- **കൊയ്ത്തൂർ**കോണം(3)

സ്ഥലം :- അണ്ടൂർക്കോണംഗ്രാമ പഞ്ചായത്ത്,

മൃഗാശുപത്രി കൊയ്ത്തൂർകോണം

## അജണ്ട :-

അധ്യക്ഷയെ തെരഞ്ഞെടുക്കൽ.

ഈശ്വര പ്രാർത്ഥന

ഭരണഘടനാ പ്രതിജ്ഞ

സ്വാഗതം

ആമുഖം

അവകാശങ്ങൾ

റിപ്പോർട്ട് അവതരണം

ചർച്ച

തീരുമാനങ്ങൾ

കൃതജ്ഞത

ദേശീയ ഗാനം

അണ്ടൂർക്കകോണം ഗ്രാമപഞ്ചായത്തിലെ മഹാത്മാഗാന്ധി ദശേീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ നടത്തിപ്പ് തുക വിനിയോഗം തൊഴിലാളികളുടെ അവകാശങ്ങൾ എന്നിവയുമായി ബന്ധപ്പെട്ട കൊയ്ത്തൂർകോണം വാർഡിൽ സോഷ്യൽ ഓഡിറ്റ് ഗ്രാമസഭ 28- 11- 2019 വ്യാഴാഴ്ച ഉച്ചയ്ക്ക് രണ്ടുമണിക്ക് കൊയ്ത്തുർകോണം മൃഗാശുപത്രിയിൽ വച്ച് കൂടുകയും ഗ്രാമസഭയിൽ അധ്യക്ഷയായി 100 ദിവസത്തെ പണി പൂർത്തിയാക്കിയ ആരിഫാ ബീവിയതെരെഞ്ഞെടുക്കുകയും ചെയ്തു. ഗ്രാമസഭയിൽ കൊയ്ത്തൂർക്കകോണം വാർഡ് മമ്പെറായ സീനത്തു ൽ മസീത, ഓവർസിയർ സുചിത്ര എന്നിവർ പങ്കെടുത്തു. ഈശ്വര പ്രാർത്ഥനയോടെ ആരംഭിച്ച യോഗത്തിൽ പ്രതിജ്ഞ വി ആർ പി ധന്യ ചൊല്ലുകയും തൊഴിലാളികൾ അത് ഏറ്റു പറയുകയും ചെയ്തു. സ്വാഗതം പറഞ്ഞത് വാർഡ് മമ്പെറായ സീനതുൽ  മസീദ ആയിരുന്നു. സോഷ്യൽ ഓഡിറ്റ് ഗ്രാമസഭയെ  പറ്റിയും തൊഴിലുറപ്പ് പദ്ധതിയെ പറ്റിയും വ്യക്തമായ ധാരണ ഉണ്ടാക്കുന്നതിനായി വിആർ പി അഞ്ജലി ആമുഖം പറഞ്ഞു. തൊഴിലാളികളുടെ പത്ത് അവകാശങ്ങൾ വി ആർ പി ഹസീന വിവരിച്ചുകൊടുത്തു. കൊയ്ത്തുർക്കകോണം  വാർഡിന്റെ ഫീൽഡ് വെരിഫിക്കഷേൻ,  ഫയൽ വെരിഫിക്കഷേന്റെ യും ഡോർഡോർ വെരിഫിക്കഷേൻ ചെയ്തതിന്റെയും കരട് റിപ്പോർട്ട് വി ആർ പി ആതിര വായിച്ചു. ഇതിനെ തുടർന്ന്. തൊഴിലാളികളുമായി ഒരു ചർച്ച സംഘടിപ്പിച്ചു. ചർച്ചയിലെ പ്രധാന ഭാഗങ്ങൾ

ആബിദാ ബീവി: ശമ്പളം കൂട്ടണം

സുബൈദാബീവി:തൊഴിൽദിനം കുറഞ്ഞത് ഒരു വർഷം 200 ദിവസം ആക്കണം

കോമളം: മസ്ട്രോൾ പഞ്ചായത്തിൽ എത്തിക്കുന്നതിന് മാറ്റ് തന്നെ എല്ലായിപ്പോഴും പോകണമോ അങ്ങനെ പോകുന്ന പക്ഷം മാറ്റിന്റെ കയ്യിൽനിന്നുവണ്ടിക്കൂലിയും മറ്റുമായി ചിലവാകുന്നുണ്ട് ഇതു മാറ്റ് മാർക്ക് വളരെയധികംബുദ്ധിമുട്ടുണ്ടാക്കുന്നുണ്ട്

സുബൈദബീവി :ഇനിമുതൽ ബിപിഎൽ, വിധവ തുടങ്ങിയവരുടെ കരം തീരുവയിൽ ജോലിചെയ്യണം എന്നുപറയുമ്പോൾബിപിഎൽഉൾപ്പെട്ടഈവിഭാഗക്കാർക്ക് 5സെന്റ് പുരയിടത്തിൽ അധികം കാണാറില്ല ഇങ്ങനെ വരുമ്പോൾ ഞങ്ങൾ എങ്ങനെജോലി ചെയ്യുന്നത് ഞങ്ങൾക്ക് അങ്ങനെ തൊഴിലുറപ്പ് ലഭിക്കുമോ?

സഫിയ ഉമ്മ :സമയക്രമം മാറ്റണം

ബിന്ദു ലേഖ :1400 രൂപ പാസ്ബുക്കിൽ ഉണ്ടായിരുന്നു 50 ദിവസം തൊഴിൽ ചെയ്തു ഇതിനായി 13500 രൂപ ലഭിക്കാനുള്ളതിനുപകരം 11600 രൂപ മാത്രമേ ലഭിച്ചുള്ളൂ ഇനി 2200 രൂപ ലഭിക്കണം

ലത്തീഫ്: 9 മണിക്ക് കൃത്യമായി എത്തണം 9 മണി കഴിഞ്ഞു പോയാൽ ആബ്സന്റും രേഖപ്പെടുത്തും

ശ്യാമള : പ്രളയാനന്തരം ശുചീകര പ്രവർത്തനങ്ങൾ ചെയ്യുകയും മൃഗാശുപത്രി വൃത്തിയാക്കുകയും ചെയ്തു എന്നാൽ ഇതിന്റെ ഒരു രൂപ പോലുംലഭിച്ചില്ല.

തൊഴിലാളികളുടെ പരാതികളും നിർദ്ദേശവും അവസാനിച്ചശേഷം പഞ്ചായത്ത് ഓവർസിയർ ഇതിനുള്ള മറുപടി നൽകി:--

തൊഴിലുറപ്പ് പദ്ധതിയുടെ രൂപം തന്നെ മാറിപ്പോയി ആദ്യകാലം തൊഴിലുറപ്പ് ദാരിദ്ര്യനിർമാർജനം ആയിരുന്നപ്പോൾ ഇപ്പോൾ അത് ആസ്തി വികസനം ആയിമാറി മൂന്നുവർഷത്തേക്ക് നിങ്ങൾ ചെയ്യുന്ന ജോലി എല്ലാ പ്രവർത്തനങ്ങളും സൈറ്റിൽ കാണണം പത്ത് അവകാശങ്ങൾ പ്രധാനപ്പെട്ട തായതൊഴിൽ ചെയ്ത് 15 ദിവസത്തിനകം വേതനം ലഭിക്കുക എന്നത് ഇവിടെ പ്രാവർത്തികമാക്കാൻ ഇല്ല പ്രധാന കാരണം കേന്ദ്ര ഗവൺമെന്റ് നിന്ന് ഫണ്ട് ലഭിക്കുന്നില്ല പഞ്ചായത്തിൽ എത്രയും പെട്ടെന്ന് തന്നെ തൊഴിലാളികൾക്ക് കൂലി ലഭ്യമാക്കുന്നതിനു വേണ്ടിയുള്ള എല്ലാ പ്രവർത്തനങ്ങളും നടത്തുന്നുണ്ട് പഞ്ചായത്തിൽനിന്ന് വീഴ്ച പറ്റിയിട്ടുണ്ടെങ്കിൽ മാത്രമാണ് നമുക്ക് നഷ്ടപരിഹാരംവരേ  നൽകണമെന്ന് ആവശ്യപ്പെടാൻ പറ്റുന്നത് എന്നാൽ ഞങ്ങൾ എല്ലാ വിവരങ്ങളും നിങ്ങൾ എത്തിച്ച് ഉടൻതന്നെ ചെയ്യുന്നുണ്ട് തൊഴിൽ സമയം മാറ്റുകയും തൊഴിൽ വേതനംകൂട്ടുകയും  എന്നത് കേന്ദ്ര ഗവൺമെന്റിന്റെ ഉത്തരവാണ്

ഇതിനൊരു മാറ്റം നമുക്ക് പ്രതീക്ഷിക്കാം എന്ന് മാത്രമേ പറയാൻ കഴിയുകയുള്ളൂ ശ്യാമള എന്ന തൊഴിലാളി പറഞ്ഞത് തൊഴിലുറപ്പു മായി ബന്ധപ്പെട്ട തല്ല സോഷ്യൽ ഓഡിറ്റ് ഗ്രാമസഭ തൊഴിലുറപ്പു മായി ബന്ധപ്പെട്ട കാര്യമാണ് ചർച്ച ചെയ്യുന്നത് പഞ്ചായത്ത് ഭരണസമിതി യുമായി ബന്ധപ്പെടണം. തൊഴിലാളികളുമായി ചർച്ച അവസാനിച്ചതിനെ തുടർന്ന് റിപ്പോർട്ട് തൊഴിലാളികൾ കയ്യടിച്ച് പാസാക്കുകയും. ദേശീയ ഗാനത്തോടെ നാലുമണിക്ക് ഗ്രാമസഭ പിരിഞ്ഞു.

VRP ധന്യ

VRP അഞ്ജിത

VRPഹസീന

VRPഅഞ്ജലി

VRPആതിര